(ബി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുക എവിടെ നിന്നാണ് സമാഹരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി തടസ്സം കൂടാതെ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) ജില്ലാ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിലെ പ്രാഥമിക/സാമൂഹിക ആരോഗ്യകേന്ദ്രങ്ങളിലായി 16 ക്ലിനിക്കുകൾ എല്ലാ മാസവും നടത്തിവരുന്നുണ്ട്. പദ്ധതി തുടങ്ങിയതുമുതൽ വയനാട് ജില്ലയിൽ ഇതുവരെയായി 3417 മാനസിക രോഗികൾ ജില്ലാ മാനസികാരോഗ്യ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ബോധവത്കരണ പരിശീലന പരിപാടികളും സംഘടിപ്പിക്കാറുണ്ട്. പദ്ധതിയുടെ ഭാഗമായി സുൽത്താൻ ബത്തേരിയിൽ മാനസികരോഗികൾക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെ ഒരു പുനരധിവാസ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്

(ബി&സി) ഇംഹാൻസിന്റെ സാമൂഹിക മാനസികാരോഗ്യ പദ്ധതികളുടെ നടത്തിപ്പിനായി എൻ.ആർ.എച്ച്.എം.-ൽ നിന്നും ലഭിച്ച ഫണ്ട് ഉപയോഗിച്ചാണ് പ്രസ്തുത പദ്ധതി ഇപ്പോൾ നടത്തിക്കൊണ്ടുപോകുന്നത്.

ജില്ലാ മാനസികാരോഗ്യ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിൽനിന്നും ഫണ്ടുകൾ എൻ.ആർ.എച്ച്.എം. വഴി ലഭ്യമായിട്ടില്ല.

**അണുബാധ നിയന്ത്രണത്തിന് ചിപ്പ്സ് പദ്ധതി**

**14 (4817)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ അണുബാധ നിയന്ത്രണത്തിനും ശുചീകരണത്തിനുമായി പ്രഖ്യാപിച്ച ചിപ്പ്സ് പദ്ധതിക്ക് എത്ര തുക ഇതുവരെ വകയിരുത്തി ; എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം സർക്കാർ ആശുപത്രികളിലാണ് അണുബാധാ നിയന്ത്രണ, ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയത് ?

ഉത്തരം

(എ&ബി) ഈ പദ്ധതിക്കായി 2014-15-ലെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്താത്തതിനാൽ, പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly